LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാത്സല്യനിധി, വായ്പ എഴുതിത്തള്ളൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതികളിൽ അപേക്ഷകൾ ലഭിച്ചിട്ടില്ല. സ്നേഹിനം പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	1
കൊല്ലം	5
തൃശ്ശൂർ	9
മലപ്പുറം	19
കോഴിക്കോട്	8
കണ്ണൂർ	3
കാസർഗോഡ്	1
ആകെ	46

(ബി) സ്നേഹിനം പദ്ധതിപ്രകാരം ലഭിച്ച 46 അപേക്ഷകളിൽ 27 അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) സ്നേഹിനം പദ്ധതിയുടെ തുക ചെലവഴിക്കുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മുവാരി, മുഖാരി സമുദായം

270 (T*967) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയ മുവാരി, മുഖാരി സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഈ വിഭാഗത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ റിപ്പോർട്ടിന്റെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. മുവാരി, മുഖാരി സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണ്.

സ്കൂൾ കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

271 (968) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി ; വിശദമാക്കുമോ ;

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുകൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly